**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **29.10.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 556**

**വ്യവസായങ്ങൾ ആരംഭിക്കുവാൻ അനുമതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് : | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പത്ത് കോടി രൂപവരെ മുതൽ മുടക്കുള്ളതും വലിയ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ വ്യവസായങ്ങൾ ലൈസൻസോ പെർമിറ്റോ ഇല്ലാതെ ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) (ബി) & (സി) | വ്യവസായ പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരുന്നു. എന്നാൽ മറ്റ് സംസ്ഥാനങ്ങളിലെ വ്യവസായിക പുരോഗതിയ്ക്കായി നടപ്പിലാക്കിയ നിയമപരിഷ്കാരങ്ങളുടെ ചുവടുപിടിച്ച് 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതുമായ പദ്ധതികൾ / വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ / ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവ നേടുന്നതിന് 3 വർഷത്തേക്ക് ഇളവുകൾ നൽകുന്നതിനായി ഒരു സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് അപേക്ഷകന് ഒരു കൈപ്പറ്റ് സാക്ഷ്യപത്രം ( Acknowledgment certificate) നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള കാലാവധിക്കുശേഷം നിയമത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. കൂടാതെ 10 |
| (ബി) | ഇതിനായി നിലവിലുള്ള ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി വരുത്തേണ്ടത് എന്നറിയിക്കാമോ; | | |
| (സി) | ഇക്കാര്യത്തിനായി വ്യവസായ വകുപ്പിൽ പ്രത്യേക സെൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | | |

| | | | |
|---|---|---|---|
| | | | കോടി രൂപയിൽ നിക്ഷേപം ഉള്ളതും എല്ലാ കാറ്റഗറിയിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള "1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്" ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**